16
ഫെബ്രുവരി 2019 ശനി
1194 കുംഭം 4
തിരുവനന്തപുരം

കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ
14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ധീരജവാന്മാർക്ക് രാജ്യത്തിന്റെ കണ്ണീർപ്രണാമം

സൈന്യത്തിന് പൂർണസ്വാതന്ത്ര്യം നൽകി മോദി

തിരിച്ചടിക്കും

പാകിസ്ഥാന്റെ സൗഹൃദപദവി പിൻവലിച്ചു

പ്രസൂൻ എസ്. കണ്ടത്ത്

ന്യൂഡൽഹി: ജമ്മു കാശ്മീരിൽ 40 ജവാന്മാരെ കൂട്ടക്കൊല ചെയ്ത പാക് ഭീകരാക്രമണത്തിന് തിരിച്ചടി നൽകാൻ ഇന്ത്യൻ സൈന്യത്തിന് പൂർണസ്വാതന്ത്ര്യം നൽകിയ കേന്ദ്രസർക്കാർ, ഭീകരസംഘടനകളെ പോറ്റുന്ന പാകിസ്ഥാനെ അന്താരാഷ്ട്ര തലത്തിൽ ഒറ്റപ്പെടുത്താനും നീക്കം തുടങ്ങി.

തിരിച്ചടിക്കാനുള്ള സമയവും സ്ഥലവും പ്രഹരം എങ്ങനെ വേണമെന്നും സൈന്യത്തിന് തീരുമാനിക്കാമെന്നും ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് ശിക്ഷഉറപ്പാക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിൽ പറഞ്ഞു. പ്രതികാരം ചെയ്യുമെന്ന് സി.ആർ.പി.എഫും പ്രഖ്യാപിച്ചു.

കോൺഗ്രസ് അടക്കമുള്ള ദേശീയ പാർട്ടികൾ കേന്ദ്രസർക്കാരിന് പിന്തുണ പ്രഖ്യാപിച്ചു. സ്ഥിതി ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷി യോഗം ചേരും.

ഇന്നലെ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സുരക്ഷാ ഉപസമിതിയുടെ അടിയന്തര യോഗം, പാകിസ്ഥാന് വ്യാപാര ഇളവുകൾ നൽകിയിരുന്നഅതീവ സൗഹൃദരാജ്യ പദവി പിൻവലിച്ചു. ഇന്ത്യയിലെ പാക്ഹൈക്കമ്മിഷണർ സൊഹൈൽ മെഹ്മൂദിനെ വിദേശകാര്യ സെക്രട്ടറി വിജയ് ഗോഖലെയുടെ ഓഫീസിൽ വിളിച്ചു വരുത്തി ശക്തമായ പ്രതിഷേധം അറിയിച്ചു. പാകിസ്ഥാനിലെ ഇന്ത്യൻ ഹൈക്കമ്മിഷണർ അജയ് ബിസാരിയയെ അടിയന്തരമായി ഡൽഹിയിലേക്ക് വിളിച്ചുവരുത്തിയിട്ടുണ്ട്. പാകിസ്ഥാനുമായുള്ള ഉഭയകക്ഷി ചർച്ചകളും നിറുത്തി വച്ചേക്കും.

യു.എൻ രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗ രാഷ്ട്രങ്ങളുടെയും പ്രതിനിധികളുമായി ഇന്ത്യ ഇന്നലെ ചർച്ച നടത്തി. അവയിൽ അമേരിക്കയും റഷ്യയും ബ്രിട്ടനും ഫ്രാൻസും ഇന്ത്യയ്ക്ക് പിന്തുണ നൽകിയിട്ടുണ്ട്. ഭീകരാക്രമണത്തെ അപലപിച്ച ചൈന ജയ്ഷെ തലവൻ മസൂദ് അസറിനെ ആഗോള ഭീകരനായി പ്രഖ്യാപിക്കണമെന്ന ഇന്ത്യയുടെ അഭ്യർത്ഥന തള്ളി. ജി 20 രാജ്യങ്ങളുടെ പ്രതിനിധികളുമായും ഇന്ത്യൻ സംഘം ചർച്ച നടത്തി.

സുരക്ഷാസമിതിയോഗത്തിൽ ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ്, ധനമന്ത്രി അരുൺ ജയ്റ്റ്ലി, വിദേശകാര്യമന്ത്രി സുഷമാസ്വരാജ്, പ്രതിരോധമന്ത്രി നിർമ്മലാസീതാരാമൻ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു. പിന്നീട് ജമ്മുകാശ്മീരിൽ എത്തിയ രാജ്നാഥ് സിംഗ് ഗവർണർ സത്യപാൽ മാലിക്കുമായി ചർച്ച നടത്തി.

ഒരു ഭടന്റെ ഭൗതിക ശരീരം അടക്കം ചെയ്ത പെട്ടി വഹിച്ച് രാജനാഥ് സിംഗും ജമ്മു ഡി.ജി.പി ദിൽബാഗ് സിംഗുമാണ് പരിക്കേറ്റ ജവാൻമാരെയും രാജ്നാഥ് സന്ദർശിച്ചു. സൈനികരുടെ ഭൗതിക ശരീരങ്ങൾ ഇന്ന് സ്വന്തം സംസ്ഥാനങ്ങളിൽ എത്തിക്കും.

പാക് ഹൈക്കമ്മിഷണറെ വിളിച്ചുവരുത്തി

ഇന്ന് സർവകക്ഷി യോഗം

വീണ്ടും ഉരുണ്ട് കളിച്ച് ചൈന

കാശ്മീരിൽ വീരമൃത്യു വരിച്ച സി.ആർ.പി.എഫ് ഭടന്മാരുടെ ഭൗതികശരീരങ്ങൾ ഡൽഹി പാലം വിമാനത്താവളത്തിൽ എത്തിച്ചപ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോദി അന്തിമോപചാരം അർപ്പിക്കുന്നു

"കുറ്റവാളികൾ ശിക്ഷിക്കപ്പെടും. വലിയ തെറ്റാണ് ചെയ്തത്. സേനയുടെ ധീരതയിലും ശൗര്യത്തിലും വിശ്വാസമുണ്ട്. സഹായിച്ചവരും കുറ്റംചെയ്യാൻ പ്രേരിപ്പിച്ചവരും വലിയ വില കൊടുക്കേണ്ടിവരും.
- മോദി

"രാജ്യത്തെയും ജനങ്ങളെയും വിഭജിക്കാൻ ലക്ഷ്യമിട്ടുള്ള ഭീകരതയെ ഒന്നിച്ച് ചെറുക്കും. പോരാട്ടത്തിൽ പ്രതിപക്ഷം കേന്ദ്രസർക്കാരിനൊപ്പം നിൽക്കും. ഇന്ത്യയെ വിഭജിക്കാനുള്ള ശ്രമം നടക്കില്ല.
- രാഹുൽ ഗാന്ധി

ഇന്നലെ നടന്നത്

- തിരിച്ചടി എങ്ങനെ എപ്പോഴെന്ന് തീരുമാനിക്കാൻ സൈന്യത്തിന് പ്രധാനമന്ത്രിയുടെ അനുമതി
- തങ്ങളുടെ ഓരോ സൈനികന്റെയും ചോരയ്ക്ക് പ്രതികാരം ചെയ്യുമെന്ന് സി.ആർ.പി.എഫിന്റെ പ്രഖ്യാപനം
- കോൺഗ്രസ് അടക്കം കേന്ദ്രസർക്കാരിന് പിന്തുണ പ്രഖ്യാപിച്ചു. ഇന്ന് സർവകക്ഷി യോഗത്തിന് തീരുമാനം
- പാകിസ്ഥാന്വ്യാപാരഇളവുകൾ നൽകിയിരുന്ന അതീവ സൗഹൃദരാജ്യ പദവി പിൻവലിച്ചു
- പാക്ഹൈക്കമ്മിഷണറെ വിദേശകാര്യ സെക്രട്ടറി വിളിച്ചു വരുത്തി പ്രതിഷേധം അറിയിച്ചു
- യു.എൻ രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗങ്ങളുടെയും പ്രതിനിധികളുമായി ഇന്ത്യ ചർച്ച നടത്തി
- ജയ്ഷെ തലവൻ മസൂദിനെ ആഗോള ഭീകരനായി പ്രഖ്യാപിക്കണമെന്ന ആവശ്യംചൈനവീണ്ടുംതള്ളി

സൗഹൃദ രാഷ്ട്ര പദവി

ലോകവ്യാപാര സംഘടനയിലെ അംഗമെന്ന നിലയിലാണ് ഇന്ത്യ പാകിസ്ഥാന് അതീവ സൗഹൃദ രാഷ്ട്ര പദവി നൽകിയത്. കസ്റ്റംസ് ചുങ്കം അടക്കം നികുതികളിലും മറ്റും ഇളവു നൽകുന്ന ഈ പദവി പിൻവലിക്കുന്നത് പാകിസ്ഥാന്റെ ഇന്ത്യയിലേക്കുള്ള കയറ്റുമതിയെ ബാധിക്കും. നിലവിൽ 48.85 കോടി ഡോളറിന്റെ സിമന്റ്, പഴങ്ങൾ, തുകൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവപാകിസ്ഥാനിൽനിന്ന് ഇന്ത്യയിലെത്തുന്നു. ഗാട്ട് കരാർ പ്രകാരം ലോക വ്യാപാര സംഘടനയിലെ 164 അംഗ രാജ്യങ്ങൾക്കിടയിൽ നിലവിലുള്ളതാണ് അതീവ സൗഹൃദരാജ്യ പദവി. പാകിസ്ഥാൻ ഇന്ത്യയ്ക്ക് ഈ പദവി നൽകിയിട്ടില്ല.

ധീരജവാന്മാർക്ക് അന്ത്യാഞ്ജലി

ന്യൂഡൽഹി: പുൽവാമയിൽ ഭീകരാക്രമണത്തിൽ വീരമൃത്യുവരിച്ച ജവാന്മാർക്ക് രാഷ്ട്രം ഇന്നലെ ആദരാഞ്ജലി അർപ്പിച്ചു.

നാൽപത് സി.ആർ.പി.എഫ് ജവാന്മാരുടെയും ഭൗതികദേഹങ്ങൾ പേടകങ്ങളിൽ അടക്കംചെയ്ത് ശ്രീനഗറിൽ നിന്ന് ഇന്നലെ വൈകിട്ട് ഏഴരയോടെ ഡൽഹി പാലം വിമാനത്താവളത്തിൽ എത്തിച്ചു. അവിടെ പൂക്കൾ വിതറി നിരത്തിവച്ച പേടകങ്ങൾക്ക് മുന്നിൽ കറുത്ത ജാക്കറ്റിന് മീതേ കറുത്ത ഷാളും പുതച്ച് എത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പുഷ്പചക്രം സമർപ്പിച്ച ശേഷം ഏറെ നേരം കണ്ണുകൾ അടച്ച് നിന്നു. പിന്നീട് സല്യൂട്ട് നൽകിയ ശേഷം എല്ലാ പേടകങ്ങളെയും ചുറ്റി നടന്നാണ് അദ്ദേഹം തിരികെ പോയത്.

കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി, പ്രതിരോധമന്ത്രി നിർമ്മല സീതാരാമൻ, ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്രമന്ത്രി രാജ്യവർദ്ധൻ സിംഗ് റാത്തോഡ്, ഡൽഹിമുഖ്യമന്ത്രി അരവിന്ദ്കേജ്രിവാൾ, കരസേന മേധാവി ജനറൽ ബിപിൻ റാവത്ത് തുടങ്ങിയവർ അന്ത്യോപചാരം അർപ്പിച്ചു.

ജവാൻമാരുടെ കുടുംബങ്ങൾക്ക് ത്രിപുര മുഖ്യമന്ത്രി ബിപ്ലവ് കുമാർ ദേവ് രണ്ട് ലക്ഷം രൂപ വീതം പ്രഖ്യാപിച്ചു. അതത് സംസ്ഥാനങ്ങളും ധനസഹായം പ്രഖ്യാപിച്ചു. ഒറീസ 10 ലക്ഷം, തമിഴ്നാട് 20 ലക്ഷം, ഉത്തരാഖണ്ഡ് 25 ലക്ഷം, മഹാരാഷ്ട്ര 50 ലക്ഷം വീതം നൽകും.

പാകിസ്ഥാന് എതിരെ കാശ്മീർ ജനത തെരുവിൽ
പേജ് - 5

കാണ്ഡഹാറിന് കൊടുക്കേണ്ടി വരുന്ന വില
പേജ് - 6, 7

കേരളകൗമുദിയിൽ നിന്ന് മാദ്ധ്യമ ചരിത്രയാത്ര

തിരുവനന്തപുരം: കഴിഞ്ഞ നൂറ്റാണ്ടിൽ തുടങ്ങിയ മലയാള പത്രങ്ങളുടെ ഈറ്റില്ലങ്ങളിലൂടെ കേരള മീഡിയ അക്കാഡമി നടത്തുന്ന ഒൻപത് ദിവസത്തെ മാദ്ധ്യമ ചരിത്രയാത്ര 21ന് കേരളകൗമുദി അങ്കണത്തിൽ നിന്നാരംഭിക്കും. 108 വർഷം പിന്നിട്ട കേരളകൗമുദിയുടെ പേട്ട ഓഫീസ് അങ്കണത്തിലാണ് ഉദ്ഘാടന ചടങ്ങ് നടക്കുകയെന്ന് അക്കാഡമി ചെയർമാൻ ആർ.എസ്. ബാബു വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പത്രപ്രവർത്തന രംഗത്തെ കുലപതിയായ പത്രാധിപർ കെ. സുകുമാരന്റെ സ്മൃതി മണ്ഡപത്തിൽ വൈകിട്ട് 3ന് പുഷ്പാർച്ചനയോടെ ചടങ്ങുകൾ തുടങ്ങും. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. കേരളകൗമുദിക്കുള്ള വന്ദന പത്രം ചീഫ് എഡിറ്റും കേരള മീഡിയ അക്കാഡമി വൈസ് ചെയർമാനുമായ ദീപുരവിക്ക് കൈമാറും. മുതിർന്ന മാദ്ധ്യമപ്രവർത്തകരെ ആദരിക്കുന്ന ഗുരുവന്ദനം പരിപാടിയും ഇതോടൊപ്പം നടക്കും. കേരളകൗമുദിയിൽ നിന്ന് തുടങ്ങി മാർച്ച് ഒന്നിന് തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ ഹെർമൻ ഗുണ്ടർട്ടിന്റെ രാജ്യസമാചാരത്തിന്റെ പ്രസാധകശാലയായിരുന്ന ഗുണ്ടർട്ട് ഭവനം വരെയാണ് ചരിത്രയാത്ര. കേരള മീഡിയ അക്കാഡമിക്കൊപ്പം കേരള പത്രപ്രവർത്തക യൂണിയനും പി.ആർ.ഡിയും ചേർന്നു നടത്തുന്ന യാതയിൽ അൻപതോളം മാദ്ധ്യമപ്രവർത്തകരും വിദ്യാർത്ഥികളും പങ്കെടുക്കും. പരിപാടിയുടെ ലോഗോ മുൻമന്ത്രി എം.എ. ബേബി സംവിധായിക വിധുവിൻസന്റിന് നൽകിപ്രകാശനം ചെയ്തു. കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാ പ്രസിഡന്റ് സുരേഷ് വെള്ളിമംഗലം, എൻ.പി. ചന്ദ്രശേഖരൻ, ഋഷി കെ. മനോജ്, ജോർജ് കുട്ടി, പി.വി. മുരുകൻ തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

മാദ്ധ്യമ യാത്ര രണ്ടാം ദിനം കൂടില്ലാവീട്ടിൽ നിന്ന്
പേജ്: 14

കാതിൽ നിന്ന് ആ ശബ്ദം മായുംമുമ്പേ കാത്തിരുന്നത് മരണവാർത്ത

പ്രദീപ് മാനന്തവാടി

കൽപ്പറ്റ: ഇനിയൊരിക്കലും മകന്റെ ശബ്ദം കേൾക്കാനാവില്ലെന്ന് ഈ അമ്മയ്ക്കു വിശ്വസിക്കാനാവുന്നില്ല. പുൽവാമയിൽ ഭീകരാക്രമണത്തിൽ വീരമൃത്യു വരിക്കുന്നതിന് രണ്ടു മണിക്കൂർ മുമ്പാണ് വസന്തകുമാർ അമ്മ ശാന്തയ്ക്കു ഫോൺ ചെയ്തത്. 'ടെയിനിംഗ് കഴിഞ്ഞു. നല്ലതണുപ്പാണെന്നേയുള്ളൂ. വേറെ കുഴപ്പങ്ങളൊന്നുമില്ല.' അത്രയേ വസന്തകുമാർ പറഞ്ഞുള്ളൂ. പിന്നെ എത്തിയത് മരണവാർത്തയുടെ നടുക്കം.

പഞ്ചാബിൽ നിന്ന് ഈ മാസം രണ്ടിന് നാട്ടിലെത്തിയ വസന്തകുമാർ ഒരാഴ്ച മുമ്പ് കാശ്മീരിലേക്കു മടങ്ങിയതേയുള്ളൂ. ബറ്റാലിയൻ മാറ്റത്തിനിടെ ചെറിയൊരു അവധി. എല്ലാവരെയും കണ്ടുമടങ്ങിയ വസന്തകുമാർ ഇനി മടങ്ങിവരില്ലെന്നോർക്കുമ്പോൾ നെഞ്ചു നുറുങ്ങുന്നു. ഒരു വർഷം മുമ്പ് അച്ഛന്റെ മരണശേഷം വസന്തകുമാർ ആയിരുന്നു കുടുംബത്തിന്റെ ആശ്രയം. വസന്തകുമാറിന്റെ ഭാര്യ ഷിനയ്ക്ക് വെറ്ററിനറി സർവകലാശാലയിൽ ഒരു താത്കാലിക ജോലിയേയുള്ളൂ. മൂത്ത മകൾ അനാമിക മൂന്നാം ക്ലാസിലും ഇളയ മകൻ അമൃതദീപ് യു.കെ.ജിയിലും. അച്ഛനെ ഇനി കാണാനാവില്ലെന്ന് തിരിച്ചറിഞ്ഞിട്ടു പോലുമില്ല കുട്ടികൾ. വീട്ടിൽ സഹോദരി വസുമിതയുമുണ്ട്. ഇന്നലെപുലർച്ചെയാണ് സൈനിക മേലുദ്യോഗസ്ഥരിൽ നിന്ന് മരണവിവരം ഔദ്യോഗികമായി എത്തിയത്. ഭർത്താവിന്റെ വിയോഗവാർത്തയറിഞ്ഞപ്പോൾ മുതൽ ലക്കിടിയിലെ വീട്ടിൽ തളർന്നു കിടക്കുകയാണ് ഭാര്യ ഷിന. ബന്ധുക്കളും അയൽക്കാരുമെല്ലാം അരികിലുണ്ട്. പക്ഷേ, ഷിനയെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കും? 18 വർഷത്തെ സേവനത്തിനു ശേഷം ഹവിൽദാറായി ശ്രീനഗറിൽ ചുമതലയേല്ക്കാനിരിക്കുകയായിരുന്നു വസന്തകുമാർ. രണ്ടു വർഷം കൂടിയേ ഉണ്ടായിരുന്നുള്ളൂ സർവീസ്.

വീരമൃത്യു വരിച്ച വസന്തകുമാറിന്റെ ഭാര്യ ഷിനയും ബന്ധുവും

ഭൗതിക ശരീരം ഇന്നെത്തിക്കും

വി.വി. വസന്തകുമാറിന്റെ ഭൗതിക ശരീരം ഇന്ന് രാവിലെ 8.55 ന് കോഴിക്കോട് വിമാനത്താവളത്തിൽ എത്തിക്കും. സംസ്ഥാന ബഹുമതികളോടെ ഏറ്റുവാങ്ങി വയനാട്ടിലേക്ക് കൊണ്ടുവരും. തുടർന്ന് ലക്കിടി ഗവ എൽ.പി. സ്കൂളിൽ പൊതുദർശനത്തിന് വച്ച ശേഷം തൃക്കൈപറ്റ വില്ലേജിലുള്ള മുക്കംകുന്ന് എന്ന സ്ഥലത്ത് സംസ്ഥാന, സൈനിക ബഹുമതികളോടെ സംസ്കാര ചടങ്ങുകൾ നടത്തും.

ലോക കേരള സഭ പശ്ചിമേഷ്യൻ സമ്മേളനത്തിന് ദുബായിൽ ഉജ്ജ്വല തുടക്കം

എം.എച്ച്. വിഷ്ണു

ദുബായ്: പ്രവാസി മലയാളികൾക്ക് ആവേശം പകർന്ന് ലോകകേരള സഭ പ്രഥമ പശ്ചിമേഷ്യൻ സമ്മേളനത്തിന് തുടക്കം. ദുബായ് എത്തിസലാത്ത് അക്കാഡമിയിലെ പ്രൗഢഗംഭീരമായ സദസിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മേളനത്തിന് തിരിതെളിച്ചു. നൂറ് ലോകകേരളസഭാംഗങ്ങളും പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മലയാളികളുടെ പ്രതിനിധികളും ഉൾപ്പെടെ നാനൂറോളം പേർ സഭയിൽ പങ്കെടുക്കുന്നുണ്ട്. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളും അവർക്കായുള്ള ക്ഷേമ, പുനരധിവാസ പദ്ധതികളും ഗൾഫ് മേഖലയിലെ തൊഴിൽ സാദ്ധ്യതകളും സഭ ചർച്ചചെയ്യും.

ഇന്നലെ രാവിലെ 9ന് ആരംഭിച്ച സമ്മേളനത്തിൽ നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ സ്വാഗതം ആശംസിച്ചു. നോർക്ക വൈസ് ചെയർമാൻ കെ. വരദരാജൻ ആമുഖ പ്രഭാഷണം നടത്തി. ഗൾഫിലെ ഭാവി തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് പി.ടി. കുഞ്ഞുമുഹമ്മദ്, വിനയചന്ദ്രൻ, ബെന്യാമിൻ എന്നിവർ പ്രസംഗിച്ചു. മലയാളികൾക്ക് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ ലഭിക്കാൻ കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം പരിഷ്കരിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. തൊഴിൽ വൈദഗ്ദ്ധ്യവും പരിശീലനവും നൈപുണ്യ വികസനവും ഉറപ്പാക്കുന്ന കോഴ്സുകളാണ് ആവശ്യം.

സഭയുടെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അദ്ധ്യക്ഷനായി. ലോകകേരള സഭ സെക്രട്ടറി ജനറൽ കുടിയായ ചീഫ് സെക്രട്ടറി ടോം ജോസ് നടത്തിയ സമ്മേളന പ്രഖ്യാപനത്തിനു ശേഷം പ്രമുഖ മലയാളി വ്യവസായികളായ ഡോ. എം.എ. യൂസഫലി, ഡോ. രവി പിള്ള, ഡോ. ആസാദ് മൂപ്പൻ എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നിർവഹിച്ചു. ആറ് പശ്ചിമേഷ്യൻ രാജ്യങ്ങളെ പ്രതിനിധീകരിച്ച് എട്ട് പ്രമുഖ മലയാളികൾ പ്രഭാഷണം നടത്തി. കോർകമ്മിറ്റി കൺവീനർ ഒ.വി. മുസ്തഫ നന്ദി പറഞ്ഞു. വൈകിട്ട് ഏഴിന് ആരംഭിച്ച പാരമ്പര്യ കലാവിരുന്നിൽ നടിയും നർത്തകിയുമായ ആശാശരത് അവതരിപ്പിച്ച 'ദേവഭ്രമിക' നൃത്തശില്പമായിരുന്നു മുഖ്യആകർഷണം. മുഖ്യമന്ത്രിയുടെ മാദ്ധ്യമ ഉപദേഷ്ടാവ് ജോൺബ്രിട്ടാസ് ആമുഖപ്രസംഗം നടത്തി. എത്തിലസാത്ത് അക്കാഡമിയിലെ തുറന്ന വേദിയിൽ 15,000 പ്രവാസിമലയാളികൾ പങ്കെടുത്ത പൊതുസമ്മേളനത്തെ മുഖ്യമന്ത്രി പിണറായിവിജയൻ അഭിസംബോധന ചെയ്തു.

ലോക കേരളസഭ പശ്ചിമേഷ്യൻ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

അന്താരാഷ്ട്ര ഹെൽപ്പ് ലൈൻ

ലോകമെങ്ങുമുള്ള മലയാളികൾക്ക് ഏതു സഹായത്തിനും ബന്ധപ്പെടാൻ നോർക്ക അന്താരാഷ്ട്ര ഹെൽപ്പ്ലൈൻ ആരംഭിച്ചു. +91 - 8802012345 എന്ന നമ്പരിൽ ലോകത്തെവിടെ നിന്നും സൗജന്യമായി വിളിക്കാം. ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈനിലേക്കുള്ള ആദ്യ കാൾ മുഖ്യമന്ത്രി നിർവഹിച്ചു. നവീകരിച്ച നോർക്ക വെബ്പോർട്ടലും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. വിലാസം: www.norkaroots.org.

വിദേശത്ത് ജോലിചെയ്യുന്ന വനിതകൾ ചൂഷണം നേരിടുന്നത് തടയാൻ നോർക്കയിൽ വനിതാ എൻ.ആർ.ഐ സെല്ലുകൾ രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. വിമാനത്താവളങ്ങളിൽ ഗ്ലോബൽ മൈഗ്രേഷൻ സെന്ററുകളും പാസ്പോർട്ട് ഓഫീസുകളിൽ ഫ്രീ എംബാർക്കേഷൻ കേന്ദ്രങ്ങളും രൂപീകരിക്കും. ഈ വർഷം നോർക്ക 600 നഴ്സുമാരെ റിക്രൂട്ട് ചെയ്യും.

തലവര

ലോക്സഭാ സീറ്റ്: ജോസഫിന് അതൃപ്തിയില്ല, പാർട്ടി ഒറ്റക്കെട്ടായി മുന്നോട്ടു പോകും - ജോസ് കെ. മാണി

നമ്മുടെ സീറ്റിനോട് ചേർത്ത് ഒറ്റക്കെട്ട്... പ്രശ്നം തീരും